പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പുതിയ കരാർ നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. അതോടൊപ്പം ടി നിർമ്മാണ പ്രവർത്തനത്തിനെതിരെ കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി. (സി) 36002/10 ആയി കേരള ക്ഷേത്ര സംരക്ഷണ സമിതിയും മറ്റ് നാല് പേരും ചേർന്ന് കേസ് ഫയൽ ചെയ്തിരുന്നതും കൊട്ടാരക്കര സബ് കോടതിയിൽ ഒ.എസ്. 128/11 ആയി കേരള ക്ഷേത്ര സംരക്ഷണ സമിതിയും മറ്റ് നാല് പേരും ചേർന്ന് ഫയൽ ചെയ്തിട്ടുള്ളതുമാണ്. ടി രണ്ട് കേസുകളിലും വകുപ്പിനനുകൂലമായി വിധിയായിട്ടുള്ളതാണ്.

(സി) പ്രസ്തുത നിർമ്മാണം നടക്കേണ്ട സ്ഥലം സംബന്ധിച്ച് കൊല്ലം വക്കഫ് കോടതിയിൽ OP 122/15-ൽ 1 A 133/15 ആയി കൊട്ടാരക്കര ശ്രീ മഹാഗണപതി ക്ഷേത്രത്തിനുവേണ്ടി ശ്രീമതി ബിന്ദുവും മറ്റ് 2 പേരും ചേർന്ന് സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിനാസ്പദമായ കാര്യവിവരണ പട്ടിക കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്റെ തുടർ നടപടികൾ നടന്നുവരികയാണ്.

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

**172 (180)** ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കടൽ മാർഗ്ഗത്തിലൂടെ കേരളത്തിലെ ചെറുകിട തുറമുഖങ്ങൾവഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്യുന്നത്. ചരക്കുഗതാഗതത്തിന്റെ 15 ശതമാനം 2015 ഓടുകൂടിയും 40 ശതമാനം 2020 ഓടുകൂടിയും 50 ശതമാനം 2030 ഓടുകൂടിയും തീരദേശകപ്പൽ ഗതാഗതം വഴി ഉയർത്താനാണ് പ്രസ്തുത പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്ത് 9-11-2013-ന് ബഹുമാന പ്പെട്ട കേരള മുഖ്യമന്ത്രി നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്ക ഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ പോർട്ടിലും കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായുള്ള കണ്ടെയ്നർ ചരക്കുകളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. ഘട്ടംഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേക്കും വ്യാപിക്കും.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചു ഉത്തരവായിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യവികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. ഡ്രഡ്ജറിന്റെ കമ്മീഷനിംഗ് അവസാന ഘട്ടത്തിലാണ്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം തുറമുഖത്ത് മൊബൈൽ ക്രെയിൻ വാങ്ങിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ റീച്ച് സ്റ്റാക്കറുകൾ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ച് മാറ്റുന്നതിനുമായി ടഗ്ഗുകൾ കൊല്ലം, ബേപ്പൂർ പോർട്ടുകളിൽ കമ്മീഷൻ ചെയ്തു. ഇവയുടെ നിർമ്മാണത്തിന് 9 കോടിയോളം ചെലവായി. 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, അഴീക്കൽ എന്നീ പോർട്ടുകളിൽ ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യമാംസാദികൾ, പച്ചക്കറികൾ തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടുകൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം തുറമുഖത്തിന്റെ ആഴം 9 മീറ്റർ ആയി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly